"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - അച്ചടക്ക നടപടി - ശെന്തുരുണി വന്യജീവി സങ്കേതത്തിൽ ബോട്ട് വാങ്ങിയതിലെ ക്രമക്കേട് - ശ്രീമതി.ആർ.ലക്ഷ്മി, വൈൽഡ് ലൈഫ് വാർഡനെതിരെയുള്ള അച്ചടക്ക നടപടി - ഔപചാരികാന്വേഷണത്തിന് അന്വേഷണാധികാരിയെ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.531/2022/F&WLD തീയതി,തിരുവനന്തപുരം, 26-11-2022

പരാമർശം:-
1. 11.04.2019-ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)-ന്റെ ബി9-1630/19 നമ്പർ കത്ത്.
2. ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ 12.07.2019-ലെ 2386/ധന.പ.വി.ജെ.1-2018/ധന. നമ്പർ റിപ്പോർട്ട്
3. 10.02.2019-ലെ എ1/49/2019/വനം നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.
4. ശ്രീമതി.ലക്ഷ്മി, വൈൽഡ് ലൈഫ് വാർഡൻ സമർപ്പിച്ച പ്രതിവാദ പത്രിക.
5. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 03.11.2020-ലെ WL6-16053/2015 നമ്പർ കത്ത്.

### ഉത്തരവ്

ശെന്തുരുണി ഇക്കോ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി 15 സീറ്റർ ബോട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി ലഭിച്ച 31.03.2015-ന് തന്നെ M/s.SIDCO എന്ന സ്ഥാപനവുമായി സ്റ്റോർ പർച്ചേയ്സ് മാനുവലിലെ വ്യവസ്ഥകൾ മറികടന്ന് ടെൻഡർ ഒഴിവാക്കി നേരിട്ട് കരാറിൽ ഏർപ്പെടുകയും, കരാർ വ്യവസ്ഥകൾ ലംഘിച്ച് M/s.SIDCO-യ്ക്ക് തുക അനുവദിച്ചതു കാരണം പൊതുഖജനാവിന് നഷ്ടം ഉണ്ടായ വിഷയത്തിൽ ഉത്തരവാദിയായ ശ്രീമതി.ആർ.ലക്ഷ്മി, ശെന്തുരുണി വൈൽഡ് ലൈഫ് വാർഡനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് പരാമർശം (1) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ശുപാർശ ചെയ്യുകയുണ്ടായി. കൂടാതെ ഈ വിഷയത്തിൽ ധനകാര്യ (ഇൻസ്പെക്ഷൻ) വകുപ്പ് പരിശോധന നടത്തി ലഭ്യമാക്കിയ പരാമർശം (2)-ലെ പരിശോധനാ റിപ്പോർട്ടിലും ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശെന്തുരുണി വൈൽഡ് ലൈഫ് വാർഡനായിരുന്ന

ശ്രീമതി.ആർ.ലക്ഷ്മിയ്ക്കെതിരെ പരാമർശം( 3 ) പ്രകാരം കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 1 5 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി ആരംഭിച്ചു

പരാമർശം (4) പ്രകാരം ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിൽ പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ അഭിപ്രായം അറിയിച്ചു.

കുറ്റാരോപിത കുറ്റങ്ങൾ നിഷേധിച്ചിരിക്കുന്ന സാഹചര്യത്തിലും, ഈ വിഷയത്തിൽ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ചിരിക്കുന്നതിനാലും, തുടർ നടപടിയുടെ ഭാഗമായി വസ്തുതകൾ വെളിച്ചത്തു കൊണ്ടു വരുന്നതിനായി ഒരു ഔപചാരിക അന്വേഷണം നടത്തുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി.

ഔപചാരികാന്വേഷണം നടത്തുന്നതിന് അന്വേഷണ ഉദ്യോഗസ്ഥനായി സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ.സഞ്ജയൻ കുമാർ, ഐ.എഫ്.എസ്.-നെ നിമയിച്ച് ഉത്തരവാകുന്നു.

അന്വേഷണാധികാരി അന്വേഷണ റിപ്പോർട്ട് കർശനമായും രണ്ട് മാസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.സഞ്ജയൻ കുമാർ, ഐ.എഫ്.എസ്., സതേൺ സർക്കിൾ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

ശ്രീമതി.ലക്ഷ്മി, വൈൽഡ് ലൈഫ് വാർഡൻ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

സ.ഉ.(സാധാ) നം.531/2022/F&WLD

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Shaji A M**
**Date: 28-11-2022 17:50:13**

സെക്ഷൻ ഓഫീസർ